ബോധവല്ക്കരണം, പ്രീപ്രൈമറി വിദ്യാഭ്യാസം, പദ്ധതി ആസൂത്രണം, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സമിതികൾ നൽകുന്ന ഇത്തരം നിർദ്ദേശങ്ങളും തീരുമാനങ്ങളും പാലിക്കുന്നുണ്ട് എന്ന് മാത്രമല്ല തൊട്ടടുത്ത യോഗങ്ങളിൽ ഇക്കാര്യങ്ങൾ അവലോകനം ചെയ്യുന്നുമുണ്ട്.

(ഡി) പ്രസ്തുത സമിതികളുടെ വിശദമായ ഘടന അന്യത്ര ചേർത്തിട്ടുണ്ട്. † ഇതിനു പുറമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും വിദ്യാഭ്യാസമന്ത്രി വൈസ് ചെയർമാനുമായുള്ള ജനറൽ ബോഡിയും നിലവിലുണ്ട്. പ്രോജക്ട് ജില്ലകളിലെ എല്ലാ എം. പി. മാരും ജനറൽ ബോഡിയിലെ അംഗങ്ങളാണ്.

(ഇ) ഇപ്പോൾ തന്നെ അതാത് പ്രദേശത്തെ അക്കാദമിയും അക്കാദമികേതരവുമായ എല്ലാ കാര്യങ്ങളിലും അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ നൽകാനുള്ള അവകാശവും പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിനുള്ള ചുമതലയും ഈ സമിതികൾക്കുണ്ട്. ആയതിനാൽ കൂടുതൽ അധികാരങ്ങൾ ഇവയ്ക്ക് നൽകുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഡിഗ്രി കോഴ്സുകളുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്തുന്നതിൽ കാലതാമസം

17 (* 552) ശ്രീ. വി. ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സർവകലാശാലകൾ ഡിഗ്രി കോഴ്സുകൾക്ക് നടത്തുന്ന ഫൈനൽ പരീക്ഷകളുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്തുന്നതിൽ കാലതാമസം നേരിടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1997-98, 1998-99 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തിയ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തിയതെന്നാണ് ;

(സി) അതതുവർഷം ജൂൺ മാസം ആരംഭിക്കുന്നതിനുമുമ്പായോ ജൂൺ ആദ്യവാരത്തിലെങ്കിലുമോ ഡിഗ്രി പരീക്ഷകളുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്താത്തതുകൊണ്ടും ഡിഗ്രി വിജയം മിനിമം യോഗ്യതയായി പ്രഖ്യാപിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനത്തിനുള്ള അപേക്ഷ അയയ്ക്കേണ്ട തീയതി ജൂൺ 2-ാം വാരത്തോടെ അവസാനിക്കുമെന്നതുകൊണ്ടും സംസ്ഥാനത്ത് ഡിഗ്രി പരീക്ഷകൾക്ക് ചേർന്നിട്ടുള്ള കുട്ടികൾക്ക് ഏവർക്കും ഇത്തരം പ്രൊഫഷണൽ കോഴ്സുകൾക്ക് ചേരാൻ കഴിയുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് നടത്തപ്പെടുന്ന പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷകളിൽ സംസ്ഥാന സർവ്വകലാശാല നടത്തുന്ന ഡിഗ്രി പരീക്ഷാഫലം വരുന്നതിനു വിധേയമായി ചേർക്കുവാനും ഈ എൻട്രൻസ് പരീക്ഷകളിൽ റാങ്ക് നേടുന്ന പക്ഷം ഡിഗ്രി പരീക്ഷയുടെ റിസൾട്ട് വരുന്ന മുറയ്ക്ക് അഡ്മിഷൻ നൽകുവാനും നടപടിയെടുക്കുമോ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ചില പരാതികൾ ഉണ്ടായിട്ടുണ്ട്.

(ബി) കേരള സർവകലാശാലകളുടെ 1997-98-ലെ ബി.എസ്സി., ബി.കോം. എന്നിവയുടെ റിസൾട്ട് 31-7-1998 ലും സി.എ. യുടെ റിസൾട്ട് 4-8-1998-ലും പ്രസിദ്ധപ്പെടുത്തി. 1998-99 ലെ ബി.എ., ബി. കോം., എന്നിവയുടെ റിസൾട്ട് 28-7-1999 ലും, ബി.എസ്സി. യുടെ റിസൾട്ട് 20-7-1999 നും പ്രസിദ്ധപ്പെടുത്തി.

എം. ജി. സർവ്വകലാശാല

1998 ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തിയ ബി. എ. ഡിഗ്രി പരീക്ഷാ ഫലം 10-7-1998-നും 1999 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ ബി. എ. പരീക്ഷയുടെ ഫലം 15-7-1999-നും 1998 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ ബി.എസ്സി. പരീക്ഷയുടെ ഫലം 10-7-1998-നും 1999 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ബി.എസ്സി. ഫലം 15-7-1999-നും 1998 ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തിയ ബി. കോം പരീക്ഷയുടെ ഫലം 17-7-1998-ലും 1999 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ബി. കോം പരീക്ഷാഫലം 23-7-1999-ലും പ്രസിദ്ധപ്പെടുത്തി.

കണ്ണൂർ യൂണിവേഴ്സിറ്റി : 1999 ജൂലൈയിൽ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കാലടി സംസ്കൃത സർവ്വകലാശാല : 1998 നവംബറിൽ നടത്തിയ ബി. എ. ഡിഗ്രി പരീക്ഷയുടെ റിസൾട്ട് 1999 ഫെബ്രുവരി 5-ാം തീയതി പ്രസിദ്ധപ്പെടുത്തി. കോഴിക്കോട് സർവ്വകലാശാലയുടേയും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടേയും വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പൊതു പരീക്ഷാ കലണ്ടർ നടപ്പിലാക്കുന്നതോടുകൂടി ഇത്തരം ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാകുന്നതാണ്.

അംഗീകൃത അൺ എഡിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും ശമ്പള പരിഷ്ക്കരണം

18 (* 553) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടേയും, അനദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ് ;

(ബി) ഈ ഉത്തരവിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly